## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5836 — 25.05. 2017 ൽ മറുപടിക്ക്

# വഴിവിളക്കുകളുടെ വൈദ്യുതി ബിൽ കണക്കാക്കുന്നതിന് വൈദ്യുതി മീറ്റർ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വഴിവിളക്കുകളുടെ വൈദ്യുതി ബിൽ കണക്കാക്കുന്നതിന് എന്തു സംവിധാനമാണ് ഇപ്പോൾ കെ. എസ്. ഇ. ബി യിൽ ഉള്ളത്; വഴി വിളക്കുകളുടെ യഥാർത്ഥ വൈദ്യുത ഉപഭോഗം അളക്കുന്നതിന് മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ; | (എ) നിലവിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വഴിവിളക്കുകളുടെ വൈദ്യുതി ബിൽ കണക്കാക്കുന്നത്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 17.04.2017 – ൽ പുറത്തിറക്കിയ താരിഫ് പരിഷ്കരണ ഉത്തരവ് പ്രകാരമാണ്.<br>എനർജി മീറ്ററുകൾ ഇല്ലാതെ സ്ഥാപിച്ചിട്ടുള്ള വഴി വിളക്കുകൾക്ക് നിലവിൽ LT.VIII (A) എന്ന താരിഫിലും മീറ്ററുകൾ സ്ഥാപിച്ചിട്ടുള്ള വഴി വിളക്കുകൾ LT.VIII (B) താരിഫിലുമാണ് ബില്ലു ചെയ്യുന്നത്. LT.VIII (A) താരിഫിൽ, വഴി വിളക്കുകളുടെ ശേഷി (Wattage) പ്രവർത്തിക്കുന്ന സമയം (Burning Hours) എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ LT.VIII (B) താരിഫിൽ, ഉപഭോഗം (Consumption) അടിസ്ഥാനമാക്കിയാണ് നിരക്ക് നിശ്ചയിക്കുന്നത്. വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) എത്ര കോർപ്പറേഷൻ, നഗരസഭ, ഗ്രാമപഞ്ചായത്തുക - ളിൽ വൈദ്യുതി മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വൈദ്യുതി മീറ്റർ ഏർപ്പെടുത്തിയതിനു ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടച്ചിരുന്ന തുകയിൽ കുറവ് രേഖപ്പെടുത്തുകയുണ്ടായോ; | (ബി) 6 കോർപ്പറേഷനുകളിലും 54 നഗരസഭകളിലും 444 ഗ്രാമ പഞ്ചായത്തുകളിലുമുള്ള തെരുവു വിളക്കുകളിൽ മീറ്ററുകൾ സ്ഥാപിക്കുന്ന പ്രവർത്തി നടപ്പിലാക്കി വരുന്നു. മീറ്ററുകൾ സ്ഥാപിക്കുന്നതോടു കൂടി വൈദ്യുതി ബില്ലിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. പല സ്ഥലങ്ങളിലും വൈദ്യുതി ചാർജ്ജ് കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. . |
| (സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ പ്രദേശത്തും വൈദ്യുതി മീറ്റർ സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ വ്യക്ത - മാക്കാമോ; എല്ലാ സ്ഥലങ്ങളിലും സമയബന്ധിതമായി വൈദ്യുത | (സി) ഇല്ല. ചില സ്ഥലങ്ങളിൽ പുതുതായി സ്ട്രീറ്റ് മെയിൻ വലിക്കേണ്ടതായി വരും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ പ്രദേശങ്ങളിലും തെരുവു വിളക്കുകളിൽ മീറ്റർ സ്ഥാപിക്കുന്നതിന് അപേക്ഷ നൽകി അതിന് ആവശ്യമായ തുക അടയ്ക്കുന്ന മുറയ്ക്ക് സമയബന്ധിതമായി പ്രവർത്തികൾ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |

| | |
|---|---|
| മീറ്റർ സ്ഥാപിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

5836

1. LT – VIII (A) – Composite Tariff approved for Unmetered Street Lights

| TYPE OF LAMP | Watts (W) | Rs/Lamp/Month Burning Hours per day | | |
|---|---|---|---|---|
| | | 4 Hours | 6 Hours | 12 Hours |
| Ordinary | 40 | 22 | 33 | 66 |
| Ordinary | 60 | 33 | 50 | 102 |
| Ordinary | 100 | 55 | 84 | 167 |
| Fluo. tube | 40 | 22 | 33 | 66 |
| Fluo. tube | 80 | 44 | 66 | 134 |
| Flood light | 1000 | 559 | 838 | 1677 |
| MV Lamp | 80 | 51 | 70 | 143 |
| MV Lamp | 125 | 75 | 112 | 222 |
| MV Lamp | 160 | 96 | 143 | 286 |
| MV Lamp | 250 | 149 | 222 | 447 |
| MV Lamp | 400 | 239 | 356 | 714 |
| SV Lamp | 70 | 42 | 64 | 125 |
| SV Lamp | 80 | 48 | 70 | 143 |
| SV Lamp | 100 | 59 | 89 | 178 |
| SV Lamp | 125 | 75 | 112 | 222 |
| SV Lamp | 150 | 89 | 134 | 267 |
| SV Lamp | 250 | 149 | 222 | 447 |
| CFL | 11 | 5 | 8 | 16 |
| CFL | 15 | 7 | 11 | 22 |
| CFL | 18 | 9 | 13 | 26 |
| CFL | 22 | 11 | 16 | 32 |
| CFL | 30 | 15 | 22 | 44 |
| CFL | 36 | 17 | 26 | 53 |
| CFL | 44 | 21 | 32 | 64 |
| CFL | 72 | 35 | 53 | 105 |
| CFL | 144 | 70 | 105 | 210 |
| LED | 12 | 3 | 4 | 9 |
| LED | 18 | 4 | 7 | 14 |
| LED | 20 | 5 | 7 | 15 |
| LED | 24 | 6 | 9 | 20 |
| LED | 30 | 7 | 11 | 25 |
| LED | 40 | 10 | 15 | 30 |
| LED | 45 | 11 | 16 | 35 |
| MV Lamp on semi high mast only for 12 hrs burning per day | 1200 | | | 2160 |
| SV Lamp on semi high mast only for 12 hrs burning per day | 250 | | | 450 |

2) <u>LT VIII(B) METERED STREET LIGHTS AND TRAFFIC SIGNAL LIGHTS</u>

| Particulars | Revised Tariff |
|---|---|
| **Fixed charges** (Rs/meter/month) | 40 |
| **Energy charges** (Rs/ kWh) | 3.90 |